ഈ വർഷം പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ

113 (711) ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്രയെണ്ണം ;

(സി) പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് ആരെല്ലാം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(ഡി) അവ എവിടെയെല്ലാം ആരംഭിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് പറയുമോ ?

ഉത്തരം

(എ&ബി) ഈ വർഷം പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല.

(സി&ഡി) പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് 2002-2003-ലും 2003-2004-ലുമായി ബന്ധപ്പെട്ട സർവ്വകലാശാലകൾ ശുപാർശ ചെയ്ത വിദ്യാഭ്യാസ ഏജൻസികളുടെ പട്ടിക അനുബന്ധം I, II, എന്നിവയിൽ ചേർത്തിരിക്കുന്നു.*

പ്രീ ഡിഗ്രി പ്രവേശനത്തിന് അനുവദിച്ചിരുന്ന സംവരണം

114 (712) ശ്രീ. കെ. മോഹൻ കുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ ഡിഗ്രി പ്രവേശനത്തിന് സംവരണം അനുവദിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഓരോ പിന്നോക്ക സമുദായത്തിനും എത്ര ശതമാനം വീതമാണ് അന്ന് സംവരണം നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്ലസ് ടു പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു പറയുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly